സ്റ്റേഷൻ റൈട്ടറെയും സർവീസിൽനിന്നും പിരിച്ചുവിട്ടു. പേരൂർക്കട പോലീസ് സ്റ്റേഷനിൽവെച്ച് സുധൻ എന്നയാൾ മരണമടഞ്ഞത് സംബന്ധിച്ച് പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു അഡീഷണൽ സബ് ഇൻസ്പെക്ടറുടെയും, ഒരു എച്ച്. സി. യുടെയും, രണ്ട് പി. സി. മാരുടെയും പേരിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽവെച്ച് വിജയൻ എന്നയാൾ മരണമടഞ്ഞതു സംബന്ധിച്ച് അബ്ദുബക്കർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടറുടെ പേരിലും, ഒരു ഹെഡ് കോൺസ്റ്റബിളിന്റെ പേരിലും നടപടി സ്വീകരിച്ചുവരുന്നു. കോന്നി, വെള്ളറട എന്നി പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പ് മരണം സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കൊലപാതക കേസുകളും നിലവിലുണ്ട്.

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു കേസിൽ രണ്ടുപേരെ സർവീസിൽനിന്നും പിരിച്ചുവിട്ടു.

(ഡി) ആകെ 19 പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അവരിൽ 9 പേരെ പിന്നീട് സർവീസിൽ തിരികെ പ്രവേശിപ്പിക്കുകയും രണ്ടുപേരെ സർവീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. ഇപ്പോൾ 8 പേർ സസ്പെൻഷനിൽ നിൽക്കുന്നു.

ഐ. ജി. മാരുടെ എണ്ണം വർദ്ധിപ്പിക്കൽ

1728 [2603] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ഇനിയും ഐ. ജി. മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൽക്കാലം ഇല്ല.

(ബി) ഉദിക്കുന്നില്ല.

കരുനാഗപ്പള്ളിയിൽ പോലീസ് കമ്മാർട്ടേഴ്സ്

1729 [2604] ശ്രീ. ടി. വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളിയിൽ പോലീസുകാർക്ക് താമസിക്കുവാനുള്ള കമ്മാർട്ടേഴ്സ് പണിയാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

മൂന്ന് സബ് ഇൻസ്പെക്ടർമാർക്ക് കമ്മാർട്ടേഴ്സുകൾ പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly